കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.8/254/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail: doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 28.03.2019

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം:- കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച് .

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ 2-1, 3-3, 3-5, 3-6, 3-7 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (എയിംസ് വഴി)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇമെയിൽ വഴി)

3) കാര്യാലയ പ്രതി.

.

നം കെ. എസ്. എ. /കെ.എൻ.ആർ./സി.8/254/2019 തീയതി : 28.03.2019

# കണ്ണൂർ ജില്ലയിലെ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ആമുഖം

കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 23-9-17മുതൽ 2-2-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൽവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12എണ്ണത്തിന് മറുപടി ലഭിച്ചിണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്ത്വവും

ഉണ്ടായിരിക്കുന്നതല്ല .

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ശശികുമാർ. എം .പി ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 4-2-2019 മുതൽ 15-2-2019വരെ | ശ്രീ. ബാബുരാജ്.എം | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഉഷ.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ശ്രീജ. കെ. | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കരുവാങ്കണ്ടി ബാലൻ | 1-4-2017 മുതൽ 31-3-2018വരെ |
| സെക്രട്ടറി | ശ്രീമതി.ടി കെ ബീന | 1-4-2017 മുതൽ 12-6-17 വരെ |
| | ശ്രീമതി. ലസിത.കെ എൻ അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ -ചാർജ്) | 13-6-17 മുതൽ 10-12-17 വരെ |
| | ശ്രീ. അഗസ്റ്റിൻ വി എ | 11-12-17 മുതൽ 17-1-18വരെ |
| | ശ്രീ. റെജി പി മാത്യു | 18-1-18 മുതൽ 31-1-18വരെ |

| | | |
|---|---|---|
| | അസിസ്റ്റന്റ് സെക്രട്ടറി<br>(സെക്രട്ടറി ഇൻ -ചാർജ്) | |
| | ശ്രീ. ഹരിദാസൻ എം | 1-2-2018 മുതൽ 31-3-18വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥൻ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.പ്രേം കുമാർ | 1-4-2017 മുതൽ 30-6-2017വരെ |
| | ശ്രീ. പി എസ് വിജയൻ | 1-7-2017 മുതൽ 31-3-2018വരെ |
| കൃഷി ഓഫീസർ | ശ്രീ. സുജ കാരാട്ട് | 1-4-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ. കൊളവല്ലൂർ | ശ്രീമതി. വിനയ ഭാസ്കരൻ | 1-4-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ. പുത്തൂർ | ശ്രീ. കെ പി ജസീർ | 1-4-2017 മുതൽ 23-10-17 വരെ |
| | ശ്രീ. പ്രശാന്തൻ കെ | 24-10-17 മുതൽ 31-3-2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.പ്രസന്ന പി | 1-4-2017 മുതൽ 26-11-2017 വരെ |
| | ശ്രീമതി.സ്മിത വി | 27-11-2017 മുതൽ |

| | | |
|---|---|---|
| | | 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ. ഫെബിൻ എൻ കെ | 1-4-2017 മുതൽ 27-4-2017വരെ |
| | ഡോ. ഷബീറ | 28-4-2017 മുതൽ 25-6-2017വരെ |
| | ഡോ.രമിത്ത് രവീന്ദ്രൻ | 26-6-2017 മുതൽ 6-2-2018വരെ |
| | ഡോ.ജീന | 7-2-2018 മുതൽ 6-3-2018വരെ |
| | ഡോ.ബീന | 7-3-2018 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ GAD | ഡോ. ജിജി ജി | 1-4-2017 മുതൽ 11-4-2017വരെ |
| | ഡോ. ജയന്തി സുധീകരൻ | 12-4-2017 മുതൽ 2-11-2017വരെ |
| | ഡോ. ഡിജോ ജോസഫ് | 3-11-2017 മുതൽ 25-12-2017 വരെ |
| | ഡോ.അമ്പിളി | 26-12-2017 മുതൽ 31-3-2018 വരെ |
| വെറ്റിനറി സർജൻ | ഡോ. സി പി | 1-4-2017 മുതൽ |

| | | |
|---|---|---|
| | ധനഞ്ജയൻ | 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. ശബാന ബീഗം | 1-4-2017 മുതൽ 19-7-17FN വരെ |
| | ഡോ. നീനു പി കെ | 19-7-2017 ANമുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ലസിത കെ എൻ | 1-4-2017മുതൽ 11-12-2017 വരെ |
| | ശ്രീ.അരവിന്ദൻ എം | 12-12-2017മുതൽ 25-12-2017 വരെ |
| | ശ്രീ. റെജി മാത്യൂ | 26-12-2017മുതൽ 31-3-2018 വരെ |
| ഹെഡ് മാസ്റ്റർ. | ശ്രീ. പ്രേമരാജൻ കാടന്റവിട | 1-4-2017 മുതൽ 31-3-2018 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്ത്ര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-12 |
| 13 | പൊതുഅവലോകനം | 1-13 |
| | | |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 14 | ലോഡ്ജിംഗ് ഹൗസിന് പാർപ്പിട ആവശ്യത്തിനെന്ന തരത്തിൽ വസ്തു നികുതി നിർണ്ണയിച്ചു.₹1819 നഷ്ടം | 2-1 |

| | | |
|---|---|---|
| 15 | കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചില്ല.₹4394 നഷ്ടം | 2-2 |
| 16 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണയിച്ചിട്ടില്ല | 2-3 |
| 17 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-4 |
| 18 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 2-5 |
| 19 | എഫ് ടി ഇ & ഒ എസ് ലൈസൻസ്-48സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കി | 2-6 |
| 20 | എഫ് ടി ഇ & ഒ എസ് ലൈസൻസ്- മുഴുവ ൻ സ്ഥാപനങ്ങളും ഡിമാന്റി ഉൾപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുന്നില്ല | 2-7 |
| 21 | റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. | 2-8 |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 22 | ആട് വളർത്തൽ - ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖയിലെ വ്യവസ്ഥ പാലിച്ചിട്ടില്ല - ₹128000 തടസ്സപ്പെടുത്തുന്നു. | 3-1 |
| 23 | ക്ഷീരകർഷകർക്ക് പാലുൽപാദന ബോണസ് പദ്ധതി – അപാകങ്ങൾ | 3-2 |
| 24 | പി.എച്ച്.സി വിവിധ പദ്ധതികൾക്കായി മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 3-3 |

| | | |
|---|---|---|
| 25 | വാഹനങ്ങളുടെ ഇൻഷ്വറൻസ്, സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നിർവ്വഹിക്കേണ്ടതാണ്. | 3-4 |
| 26 | പ്രവൃത്തി നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്ന് ചെലവുതുക ഈടാക്കുന്നത് സംബന്ധിച്. | 3-5 |
| 27 | റോഡ് പ്രവൃത്തി ബില്ലുകളിൽ നിന്നും ഈടാക്കിയ ഒഴിഞ്ഞ ടാർ വീപ്പകളുടെ വില അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് സംബന്ധിച്ച്. | 3-6 |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപം | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ട് | 4-7 |
| 35 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | ഓഡിറ്റ് ഇംപാക്ട് | 4-10 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

| | അനുബന്ധങ്ങൾ | |
|---|---|---|
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 40 | റസീറ്റ് & പെയ്മെമെന്റ് സ്റ്റെയിറ്റ്മെന്റ് | അനുബന്ധം2-1 |
| 41 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റെയിറ്റ്മെന്റ് | അനുബന്ധം2-2 |
| 42 | ബാലൻസ് ഷീറ്റ് | അനുബന്ധം2-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 28-3-2017ലെ 156/16-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരംതാഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത് ₹ |
|---|---|
| മുന്നിരിപ്പ് | 49841782 |
| വരവ് | 64642900 |
| ആകെ | 114484682 |
| ചെലവ് | 72690067 |
| നീക്കിയിരിപ്പ് | 41794615 |

പുതുക്കിയ ബജറ്റ് 14-3-2018 ലെ 43/18-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബജറ്റ് സംബന്ധിച്ച വരവ് ചെലവ് കണക്കുകളുടെ വിവരങ്ങൾ ലഭ്യമല്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട | ലഭിച്ച | അപാകത പരിഹരിക്കാൻ |
|---|---|---|---|

| | തീയതി | തീയതി | തിരിച്ചയച്ച തീയതി |
|---|---|---|---|
| 2017-18 | 31-7-18 | 9-5-2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|
| 2017-18 | 20-6-2018മുതൽ 21-6-2018വരെ | കെ എസ് എ .കെ എൻ ആർ/സി8/1240/2018 |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2017-18 |
|---|---|
| മുന്നിരിപ്പ് | 43261967 |
| വരവ് | 68742488 |
| ആകെ | 112004455 |
| ചെലവ് | 57861497 |
| നീക്കിയിരിപ്പ് | 54142958 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി യിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതു വിഭാഗം) (ACRപ്രകാരം) | ഇല്ല | 17258000 | 17258000 | 15171938 | 2086062 |
| വികസനഫണ്ട് (എസ്.സി.പി) (ACRപ്രകാരം) | ഇല്ല | 947421 | 947421 | 637738 | 309683 |
| വികസനഫണ്ട് (ടി.എസ്.പി) (ACRപ്രകാരം) | ഇല്ല | 80967 | 80967 | 75000 | 5967 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) (ACRപ്രകാരം) | | ഇല്ല | 10688000 | 10688000 | 8786308 | 1901692 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) (ACRപ്രകാരം) | | ഇല്ല | 4343000 | 4343000 | 4229734 | 113266 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACRപ്രകാരം) | | ഇല്ല | 8105175 | 8105175 | 6705742 | 1399433 |
| കെ എൽ എസ് ഡി ജി പി (ACRപ്രകാരം) | | ഇല്ല | 934332 | 934332 | 934332 | - |
| കോന്ദ്രാവിഷ്കൃതഫണ്ട് | | | | | | |
| 1.അനുപൂരക പോഷകാഹാരം | | 961584 | 981525 | 1943109 | 786388 | 1156721 |
| എം പി ഫണ്ട് | | 45870 | 1751 | 47621 | - | 47621 |
| എം.ജി.എൻ. ആർ.ഇ.ജി.എസ്. | തൊഴിലാളികളുടെ കൂലി | ഇല്ല | 7619929 | 7619929 | 7619929 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1806 | 714995 | 716801 | 713368 | 3433 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | 225000 | 202148 | 427148 | 160680 | 266468 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബോക്ക് പഞ്ചായത്ത് | - | 668640 | 668640 | 259018 | 409622 |
| | ജില്ല പഞ്ചായത്ത് | - | 350000 | 350000 | - | 350000 |
| ബി. ഫണ്ട് | | ഇല്ല | 56422720 | 56422720 | 56422720 | - |

| | | | | | | |
|---|---|---|---|---|---|---|
| തനത്ഫണ്ട് | ബാങ്ക് അക്കൗണ്ട് | 8124280 | 13189428 | 21313708 | 6102017 | 15211691 |
| | ട്രഷറി അക്കൗണ്ട് | 30778737 | 11716507 | 42495244 | 8182358 | 34312886 |

ജനറൽപർപ്പസ് ഗ്രാന്റ് തുകയിലെ ചെലവ് പ്രത്യേകം സൂക്ഷിക്കുന്നില്ല.ജനറൽപർപ്പസ് ഗ്രാന്റിന്റെ വിവരം തനത്ഫണ്ട് ട്രഷറി അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|
| 170 | 127 | | 43 | 74.7 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| സെക്രട്ടറി | 58 | 45 | 16165702 | 9900154 | 61.24 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 4 | 456400 | 262738 | 57.57 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 59 | 32 | 27096000 | 12553587 | 46.33 |
| കൃഷി ഓഫീസർ | 10 | 10 | 4756136 | 2997586 | 63.03 |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | 5 | 5 | 1210000 | 862539 | 71.28 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 600000 | 600000 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 115000 | 115000 | 100 |
| വെറ്ററിനറി സർജൻ | 6 | 6 | 4733500 | 2556162 | 54 |
| വി.ഇ.ഒ | 16 | 14 | 6674800 | 4618455 | 69.19 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 4877600 | 4626621 | 94.85 |
| ഹെഡ് മാസ്റ്റർ | 5 | 5 | 1549948 | 1533513 | 98.94 |
| ആകെ | 170 | 127 | 68230586 | 40626355 | 59.54 |

## 1-7 തൊഴിലുറപ്പ് പദ്ധതി

2005 ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ഈ ഗ്രാമപഞ്ചായത്തിലും നടപ്പാക്കി വരുന്നുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ, തൊഴിൽ കാർഡ് വിതരണം, തൊഴിലിനുള്ള അപേക്ഷ സ്വീകരിക്കൽ, തൊഴിൽ നൽകൽ, വേതന വിതരണം മുതലായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് 2017-18 വർഷം ഗ്രാമപഞ്ചായത്ത് അധികൃതർ ലഭ്യമാക്കിയ വിവരം അനുസരിച്ചുള്ള സ്ഥിതിവിവരം താഴെ പരാമർശിക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1806 | 714995 | 716801 | 713368 | 3433 |
| തൊഴിലാളികൾക്ക് നേരിട്ട് നൽകുന്നത് | ഇല്ല | 7619929 | 7619929 | 7619929 | - |
| ആകെ | 1806 | 8334924 | 8336730 | 8333297 | 3433 |

| ക്രമ നം. | ഇനം | 2017-18 |
|---|---|---|
| 1 | പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 65 |

| | | |
|---|---|---|
| 2 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4915 |
| 3 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 1419 |
| 4 | തൊഴിൽ ആവശ്യപ്പെട്ട ശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 90% |
| 5 | 100 ദിനംതൊഴിൽ ലഭിച്ച കുടുംബങ്ങൾ | 7 |
| 6 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 39301 |

2017-18 വർഷം തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. 2017-18 ൽ 565 പ്രവൃത്തിയും ഇതനുസരിച്ച് വിവിധ മാസങ്ങളിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. പരിശോധിച്ച രേഖകൾ പ്രകാരം വാർഷിക കർമ്മപദ്ധതി അനുസരിച്ചുള്ള പ്രവർത്തനമാണ് ഏറ്റെടുത്തിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം ജലസംരക്ഷണം, മഴവെള്ളക്കൊയ്ത്ത്, ചെറുകിട ജലസേചനം, പട്ടികജാതി-പട്ടികവർഗ്ഗ ഭൂപരിഷ്കണം, പരമ്പരാഗത ജലസംരക്ഷണം, ഭൂവികസനം, വെള്ളപ്പൊക്കനിയന്ത്രണം, റോഡ് പുനരുദ്ധാരണം എന്നിവ വാർഷിക കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടതുണ്ട്. എന്നാൽ 2017-18 വർഷങ്ങളിൽ ഏറ്റെടുത്ത ഭൂരിഭാഗം പ്രവൃത്തിയും വെള്ളപ്പൊക്കനിയന്ത്രണം എന്ന ഗണത്തിലുള്ളതാണ്.

2017-18 വർഷം 7 കുടുംബങ്ങൾ മാത്രമാണ് 100 തൊഴിൽദിനങ്ങൾ പൂർത്തിയാക്കിയത്. തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ള വിധത്തിൽ 100 തൊഴിൽ ദിനങ്ങൾ കൂടുതൽ അംഗങ്ങൾക്ക് ലഭ്യമാവുന്നവിധത്തിൽ പ്രവൃത്തികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

(1) <u>സോഷ്യൽ ഓഡിറ്റ് ഫലപ്രദമല്ല</u>

തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിലെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തേണ്ടുന്ന ചുമതല സോഷ്യൽ ഓഡിറ്റ് വിജിലൻസ് മോണറ്ററിങ്ങിൽ നിക്ഷിപ്തമാണ്. എന്നാൽ വിവിധ വാർഡുകളിൽ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ, സോഷ്യൽ ഓഡിറ്റ് നടത്തി സമർപ്പിച്ചിട്ടുള്ള പത്രിക വളരെ ലാഘവത്തോടെയും അലക്ഷ്യമായുമാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രവർത്തനങ്ങളുടെ അവലോകനമോ, നേട്ട-കോട്ട വിശകലനമോ മെച്ചപ്പെടുത്താനുള്ള ശുപാർശകളോ സമഗ്രമായി നടത്തിയിട്ടില്ല.

## 1-8 <u>ക്ഷേമപദ്ധതികൾ</u>

2017-18വർഷം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 22320 | 35 |
| കർഷകതൊഴിലാളി പെൻഷൻ | 6331200 | 546 |
| വിധവാ പെൻഷൻ | 18765400 | 1668 |
| വാർദ്ധക്യകാല പെൻഷൻ | 23620200 | 1956 |
| വികലാംഗ പെൻഷൻ | 4517300 | 455 |
| 50 വയസ്സിന് മുകളിൽ അവിവാഹിതകൾക്കുള്ള പെൻഷൻ | 2521300 | 225 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-2-2019ന് 2.50 PMമണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹35237 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ ഫലപ്രദമാണ്. ജോലികളും ചുമതലകളും യഥാവിധി വിഭജിച്ചു നൽകിയിട്ടുണ്ട്. നികുതി പിരിവ് ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് ടാർജറ്റ് നിശ്ചയിച്ചു നൽകുകയും പുരോഗതി വിലയിരുത്തുകയും ചെയ്തു വരുന്നുണ്ട്. പദ്ധതി പ്രവർത്തനങ്ങളിലെ പുരോഗതി ഉറപ്പുവരുത്താനാവശ്യമായ ആഭ്യന്തര ക്രമീകരണം വരുത്തിയിട്ടുണ്ട്.

നികുതി പിരിവിലെയും പദ്ധതി പ്രവർത്തനങ്ങളിലെയും പുരോഗതിയും സേവന പ്രദാനത്തിലെ പ്രശ്നങ്ങളും വിലയിരുത്തുന്നതിനായി ഓഫീസ് മീറ്റിങ്ങുകൾ പ്രതിമാസം ചേർന്നു വരുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5-7-14 മുതൽ 19-7-14 വരെ | 2009-10മുതൽ 2013-14വരെ | 28-8-14 |
| പെർഫോമൻസ് ഓഡിറ്റ് | 28-1-19 | 1-12-2018 മുതൽ 31-12-2018 വരെ | 29-1-19 |

## 1-12 വാർഷിക കണക്കിലെ അപാകങ്ങൾ

1പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3.വസ്തുനികുതി തൻവർഷ കുടിശ്ശികയും മുൻവർഷങ്ങളിലെ കുടിശ്ശികയും വാർഷിക ധനകാര്യപത്രിക പ്രകാരവും സഞ്ചയ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

4.വാർഷിക കണക്കിൽ പ്രധാനപ്പെട്ട അക്കൗണ്ടിംഗ്നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, റേഷ്യോസ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-13 പൊതു അവലോകനം

നിയമാനുസൃതമായി രൂപീകരിക്കപ്പെട്ട സമിതികളുടെ പ്രവർത്തനം ഗ്രാമ പഞ്ചായത്തിൽ പൊതുവേ തൃപ്തികരമായ വിധത്തിൽ പ്രവർത്തിക്കുന്നു. സ്റ്റിയറിങ്ങ് കമ്മറ്റികൾ കൃത്യമായ ഇടവേളകളിൽ ചേർന്നു വരുന്നു. വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 3 മുതൽ 9 തവണ വരെ ഈ കാലയളവിൽ യോഗം ചേരുകയും അതത് വിഷയ മേഖലകളുമായി ബന്ധപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും വിലയിരുത്തുകയും ചെയ്തു വരുന്നുണ്ട്. സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ യോഗം ചേരലും പ്രവർത്തനങ്ങളും തൃപ്തികരമായ നിലയിൽ നടന്നുവരുന്നതായി കാണുന്നു.

പദ്ധതികളുടെ യഥാവിധിയുള്ള മോണിറ്ററിങ്ങ് നടന്നു വരുന്നുണ്ട് എന്നാണ് രേഖകളിൽ നിന്ന് വ്യക്തമാകുന്നത്. എല്ലാ പ്രോജക്ട് രേഖകളുടെയും അനുബന്ധമായി മോണിറ്ററിങ്ങ് റിപ്പോർട്ട് സൂക്ഷിച്ചിട്ടുണ്ട്.

തൻവർഷത്തെ പദ്ധതി ച്ചെലവ് 59.53% മാത്രമാണ്. ഗ്രാമ പഞ്ചായത്തിന്റെ വികസനസാധ്യതകൾ മുഴുവൻ പദ്ധതി നിർവ്വഹണത്തിൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. നടപ്പാക്കാൻ പ്രായോഗികമായി സാധ്യമാവുന്നതും പ്രദേശത്തിന്റെ ആവശ്യകതകൾക്കിണങ്ങുന്നതും വികസന സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്താവുന്നതുമായ പ്രോജക്ടുകൾ തയ്യാറാക്കാൻ ശ്രദ്ധയുണ്ടാവേണ്ടതുണ്ട്.

സാമൂഹ്യ സുരക്ഷയും പരിസ്ഥിതിരക്ഷയും ഉറപ്പ് വരുത്തുന്ന സമഗ്ര വികസനമെന്ന ,സർക്കാർ മുന്നോട്ട് വെച്ച 13ാം പദ്ധതിയുടെ പൊതുകാഴ്ചപ്പാടിനനുസരിച്ച് തന്നെ പ്രോജക്ടുകൾ തയ്യാറാക്കാൻ ശ്രമം ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു. ലൈഫ് മിഷൻ പ്രകാരമുള്ള ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.മരാമത്ത് പ്രവർത്തികളുടെ നിർമ്മാണത്തിലും സമയക്രമം പാലിക്കാൻ പൊതുവിൽ കഴിഞ്ഞിട്ടുണ്ട്.

കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ വെബ് സൈറ്റ് പരിശോധിച്ചതിൽ ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസദ്ധീകരിച്ചതായി കാണുന്നില്ല. പഞ്ചായത്ത് രാജ് സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ (സ.ഉ(എം.എസ്)നം.80/17/തസ്വഭവ തി.3/4/17 ) ഖ-20 ൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ മാർഗ്ഗരേഖയിൽ അംഗീകരിച്ച മുൻഗണന ലിസ്റ്റ് സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസദ്ധീകരിക്കാത്ത ലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതല്ലെന്നും അപ്രകാരം ചെയ്യാത്തപക്ഷം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻപാടില്ല . അങ്ങനെ ചെയ്താൽ അതിന്റെ ബാധ്യത തുക നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസദ്ധീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ലോഡ്ജിംഗ് ഹൗസിന് പാർപ്പിട ആവശ്യത്തിനെന്ന തരത്തിൽ വസ്തു നികുതി നിർണ്ണയിച്ചു. ₹1819 നഷ്ടം

ശ്രീ രാജേഷ് പി, കൂടേലന്റവിടെ ഹൗസ്,പുത്തൂർ എന്നവരുടെ താഴെ പറയുന്ന കെട്ടിടത്തിന് 2017-18 കാലയളവിൽ പാർപ്പിട ആവശ്യത്തിനെന്ന തരത്തിൽ അടിസ്ഥാന വസ്തുനികുതി ഒരു ചതുരശ്ര മീറ്ററിന് 3 രൂപ കണക്കാക്കി നികുതി നിർണ്ണയിച്ചിട്ടുണ്ട്. നമ്പറിങ്ങിനായുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയ കെട്ടിടത്തിന്റെ പ്ലാൻ പരിശോധിച്ചതിൽ, പ്രത്യേകം ടോയ്ലറ്റ് സൗകര്യത്തോടുകൂടിയ 6 മുറികളും ഒരു പൊതുവായ അടുക്കളയും സ്റ്റോർ മുറിയും അടങ്ങിയ ലോഡ്ജിംഗ് ആവശ്യത്തിനായി ഉപയോഗിക്കാവുന്ന തരത്തിലാണ് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ആവശ്യത്തിനെന്ന തരത്തിൽ നികുതി നിർണയിച്ചിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34 പ്രകാരം ഗ്രൂപ്പ് A2- ലോഡ്ജിങ്ങ് ഹൗസുകൾ എന്ന വിനിയോഗ ഗണത്തിൽ ഉൾപ്പെടുത്തി പെർമിറ്റ് അനുവദിക്കേണ്ടിയിരുന്ന മേൽ കെട്ടിടത്തിന് 22-11-2016 തീയതിയിലെ പെർമിറ്റ് നം 109/16-17 പ്രകാരം കൊമേഴ്സ്യൽ ക്വാട്ടേഴ്സ് എന്ന തരത്തിലാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. കൊമേഴ്സ്യൽ ക്വാട്ടേഴ്സ് എന്ന തരത്തിലുള്ള വിനിയോഗം പ്രസ്തുത കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടാത്തതാണ്.

കെട്ടിടത്തിന്റെയും നികുതി ഡിമാന്റ് ചെയ്തതിന്റെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഫയൽ നം-4827/17 തീയതി- 6-11-2017

പെർമിറ്റ് നം- 109/16-17 തീയതി 22-11-16

കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം- 225.69 ച.മീ

നികുതി നിർണ്ണയം നടത്തിയ തീയതി- 22-2-2018

നികുതി ബാധകമാവുന്ന അർദ്ധ വർഷം : 2017-18 രണ്ടാം അർദ്ധവർഷം

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം ($m^2$ ൽ) | ഡിമാന്റ് ചെയ്ത വാർഷിക വസ്തുനികുതി (ഗ്രന്ഥശാല വരി5% ഉൾപ്പടെ) ₹ | ഡിമാന്റ് ചെയ്യേണ്ട വാർഷിക വസ്തുനികുതി (ഗ്രന്ഥശാല വരി5% ഉൾപ്പടെ) ₹20/ച.മീ ₹ | വ്യത്യാസം | കുറിപ്പ് |
|---|---|---|---|---|---|---|
| 1 | 14/63A | 46.02 | 132 | 871 | 739 | ദ്വിതീയ മേഖല -10% ഇളവ് |
| 2 | 14/63B | 34.71 | 99 | 657 | 558 | ദ്വിതീയ മേഖല -10% ഇളവ് |
| 3 | 14/63C | 34.71 | 99 | 657 | 558 | ദ്വിതീയ മേഖല -10% ഇളവ് |
| 4 | 14/63D | 32.65 | 94 | 618 | 524 | ദ്വിതീയ മേഖല -10% ഇളവ് |
| 5 | 14/63E | 30.68 | 88 | 581 | 493 | ദ്വിതീയ മേഖല |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | -10% ഇളവ് |
| 6 | 14/63F | 25.34 | 73 | 480 | 407 | ദ്വിതീയ മേഖല -10% ഇളവ് |
| 7 | 14/63G | 21.58 | 62 | 409 | 347 | ദ്വിതീയ മേഖല -10% ഇളവ് |
| | ആകെ | | 647 | 4273 | 3626 | |

വാർഷിക വസ്തുനികുതി വാർഷിക ഡിമാന്റിൽ 3626 രൂപയുടെ കുറവുണ്ട്. 2017-18 രണ്ടാം അർദ്ധവർഷത്തിൽ 2137 രൂപ ഡിമാന്റ് ചെയ്യേണ്ടിയിരുന്നു.എന്നാൽ 318 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ആയതിനാൽ തൻവർഷം ഈ ഇനത്തിൽ 1819 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് നഷ്ടമായ തുക ഈടാക്കി ഈ ഇനത്തിലുള്ള ആവർത്തന നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 2-2 കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചില്ല.₹4394 നഷ്ടം

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനം പ്രകാരം 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഷോപ്പുകൾക്ക് ഒരു ചതുരശ്ര മീറ്ററിന് 30രൂപയും 100 ചതുരശ്ര മീറ്ററിനു മുകളിലുള്ളവയ്ക്ക് 50 രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 203(2) ബി, പ്രാകാരം തറവിസ്തീർണ്ണം എന്നാൽ ഒരു ഏക നില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ വിസ്തീർണ്ണം എന്നും ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറ നിരപ്പിന്റെ ആകെ വിസ്തീർണ്ണം എന്നും സെക്ഷൻ 203(9)പ്രകാരം ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2ാം ഉപവകുപ്പിൽ രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ, 7ാം ഉപവകുപ്പിൽ പരാമശർക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ, ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രമാണ് പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി മൊത്തം വാർഷിക നികുതി തിട്ടപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.. എന്നാൽ 2017-18കാലയളവിൽ നികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിടത്തിന് അവയുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണ്ണം പ്രത്യേകം

കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 30രൂപ എന്നതോതിൽ നികുതി നിർണയിച്ചതായി കാണുന്നു.

ഉടമസ്ഥന്റെ പേര് : നെല്ലിക്കേന്റവിട നാസർ

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ബഹു നില കെട്ടിടം

ബാധകമാകുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹50 / ചതുരശ്ര മീറ്റർ

ആകെ തറവിസ്തീർണ്ണം : 207.64 ചതുരശ്ര മീറ്റർ

നികുതി നിർണ്ണയിച്ച തീയതി: 25/4/2017

| ക്രമ നമ്പർ | കെട്ടിട നമ്പർ അസ സ്സ്മെന്റ് നമ്പർ | വിസ്തീർണ്ണം ($m^2$ ൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി (ഗ്രന്ഥശാല വരി 5% ഉൾപ്പടെ) ₹ | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാല വരി 5% ഉൾപ്പടെ) ₹ | വ്യത്യാസം ₹ | കുറിപ്പ് |
|---|---|---|---|---|---|---|
| 1 | 9/378A | 20.64 | 717 | 1193 | 476 | ദ്വിതീയ മേഖല-10% ഇളവ് വഴി സൗകര്യം -20% വർദ്ധനവ് |
| 2 | 9/378 B | 19.09 | 662 | 1103 | 441 | ദ്വിതീയ മേഖല-10% ഇളവ് വഴി സൗകര്യം -20% വർദ്ധനവ് |
| 3 | 9/379C | 19.09 | 662 | 1103 | 441 | ദ്വിതീയ മേഖല-10% ഇളവ് വഴി സൗകര്യം -20% വർദ്ധനവ് |
| 4 | 9/378D | 19.09 | 662 | 1103 | 441 | ദ്വിതീയ മേഖല-10% ഇളവ് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | വഴി സൗകര്യം -20% വർദ്ധനവ് |
| 5 | 9/378E | 19.24 | 667 | 1112 | 445 | ദ്വിതീയ മേഖല-10% ഇളവ് വഴി സൗകര്യം -20% വർദ്ധനവ് |
| 6 | 9/378 F | 23.03 | 881 | 1265 | 384 | ദ്വിതീയ മേഖല-10% ഇളവ് ഒന്നാം നില-5% ഇളവ് വഴി സൗകര്യം -20% വർദ്ധനവ് |
| 7 | 9/378G | 21.73 | 754 | 1194 | 440 | ദ്വിതീയ മേഖല-10% ഇളവ് ഒന്നാം നില-5% ഇളവ് വഴി സൗകര്യം -20% വർദ്ധനവ് |
| 8 | 9/378H | 21.73 | 754 | 1194 | 440 | ദ്വിതീയ മേഖല-10% ഇളവ് ഒന്നാം നില-5% ഇളവ് വഴി സൗകര്യം -20% വർദ്ധനവ് |
| 9 | 9/378I | 21.9 | 760 | 1203 | 443 | ദ്വിതീയ മേഖല-10% ഇളവ് ഒന്നാം നില-5% |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ഇളവ്<br>വഴിസൗകര്യം-20% വർദ്ധനവ് |
| 10 | 9/378J | 21.9 | 760 | 1203 | 443 | ദ്വിതീയ മേഖല-10% ഇളവ്<br>ഒന്നാം നില-5% ഇളവ്<br>വഴി സൗകര്യം-20% വർദ്ധനവ് |
| | ആകെ | | | | 4394 | |

കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികതി നിർണ്ണയിക്കാഞ്ഞതിനാൽ 4394 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് നഷ്ടമായ തുക ഈടാക്കി ആവർത്തന നഷ്ടം ഒഴിവാക്കേണ്ടതാണ്.

## **2-3** കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണയിച്ചിട്ടില്ല

2017-18കാലയളവിലെ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, എഫ് ടി ഇ & ഒ എസ് ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ വാണിജ്യാവശ്യങ്ങൾക്കായി എഫ് ടി ഇ & ഒ എസ് ലൈസൻസ് നൽകിയ താഴെപറയുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനെന്ന തരത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | വാണിജ്യം നടത്തുന്നവരുടെ പേര് | സംരംഭം |
|---|---|---|---|
| 1 | 2/322,323 | നാണു എ,ആര്യത്താന്റവിട | അനാദി |
| 2 | 4/128,129 | വലിയ പാറക്കൽ കരിയാടൻ വിശ്വനാഥൻ | സ്റ്റേഷനറി,ഫോട്ടോസ്റ്റാറ്റ് |
| 3 | 5/295 | കെ എം കണ്ണൻ | അനാദി |
| 4 | 6/466 | ഭാസ്കരൻ കെ ,കക്കോട്ട് | ഹോട്ടൽ |

| | | | |
|---|---|---|---|
| 5 | 10/319,320 | ബാലൻ എ പി | വിവരം ലഭ്യമല്ല |
| 6 | 13/179 | രാജേഷ് എം പി ,രമ്യാലയം,പാറാട് | ജ്വല്ലറി |
| 7 | 13/520 | രാഘവൻ കെ ,കിഴക്കയിൽ ,ഇുവക്കുന്ന് | സ്റ്റേഷനറി |
| 8 | 15/279 | കൃഷ്ണൻ എം,മാനാഞ്ചേരി,പുത്തൂർ | പലചരക്ക് |
| 9 | 18/269 | പി കെ ചാത്തുകുട്ടി,പാലക്കണ്ടിയിൽ,പുത്തൂർ | അനാദി |
| 10 | 19/288 | എൻ നാണു, ജഷിൻ സദനം,ചെണ്ടയാട് | അനാദി |
| 11 | 20/472 | മുഹമ്മദ് എം പി,മീത്തലെ പറമ്പത്ത് | പലചരക്ക് കട |

ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകൾ കൃത്യമായി പരിശോധിച്ച് വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് പ്രസ്തുത ആവശ്യത്തിനെന്ന തരത്തിൽ നികുതി പുനർനിർണ്ണയം നടത്തി കുടിശ്ശികയടക്കം ഈടാക്കേണ്ടതും ലൈസൻസ് നൽകിയ കെട്ടിടം തന്നെയാണ് വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കിയില്ല

1- ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2017-18കാലയളവിൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിൽ ഒന്നിലധികം ആളുകൾ ജോലിചെയ്യുന്നതായി സ്ഥാപന ഉടമ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | വാർഡ്/കെട്ടിട നമ്പർ | സംരംഭം |
|---|---|---|---|
| 1 | ജിജിൽ സി പി | 3/529D,E | ഉദയം ഹോളോബ്രിക്സ് |

| | | | |
|---|---|---|---|
| 2 | എം സി മാത്യു | 12/282A | മൊഡോണ ടിമ്പർ & സോമിൽ |
| 3 | രാജേഷ് കെ എൻ പി | 5/228A | സൂര്യ ഹോളോബ്രിക്സ് |
| 4 | സി കെ ബാബു | 13/461 | സൂര്യ ഇന്റസ്ട്രീസ് |
| 5 | ഇബ്രാഹം ഹാജി | 13/376A,B,C,D,E | റഹമത്ത് ട്രേഡേഴ്സ് |
| 6 | ജിതേന്ദ്രൻ പി | 9/182H,J | കണാരി സൺസ്, ഇന്റർലോക്ക് നിർമ്മാണം,വില്പന |
| 7 | ജിതേന്ദ്രൻ പി | 19/13A,B | പി എൻ കമ്പനി,ഇന്റർലോക്ക് നിർമ്മാണം,വില്പന |
| 8 | ശ്രീനിവാസൻ പി | 18/178A | തപസ്യ ഇന്റർലോക്ക് നിർമ്മാണം |
| 9 | പുഷ്പരാജൻ ടി | 1/570C,D | റോയൽ ഹോളോബ്രിക്സ് |
| 10 | കെ ഇബ്രാഹിം | 5/34 | സാജിത ടിമ്പർ ഇന്റസ്ട്രീസ്,സോമിൽ |
| 11 | നിഷ കെ പി | 1/58A | താജ് ഇന്റർലോക്ക് നിർമ്മാണം |
| 12 | രാജീവൻ കെ പി | 12/267B | നിർമ്മൽ ടൈൽസ് |
| 13 | സുജിത്ത് ഒ കെ | 2/478 | വിശ്വാസ് ഇന്റസ്ട്രീസ് |
| 14 | കെ ടി എം സാലിഹ് | 12/277A | താജ് ഇന്റസ്ട്രീസ്,സോമിൽ |
| 15 | അയൂബ് | 6/355A | എം ആർ എ ബേക്കറി |
| 16 | നിജിൽ സി പി | 236A,B,C,D | ഗാല്ലറി സിമന്റ് പ്രൊഡക്ട്സ് |
| 17 | അർഷാദ് | 12/291C | ഫാൽക്കൺ ഇന്റർലോക്ക്&ടൈൽസ് |
| 18 | പ്രദീപൻ സി | 3/341A | നന്മ ഇന്റർലോക്ക് |

| | | | |
|---|---|---|---|
| 19 | ടി കെ സുഗതൻ | 18/4 | കൃഷ്ണപ്രഭ സോമിൽ |
| 20 | ടി കലന്തർ | 12/33 | നോബിൾ സ്റ്റോൺ ക്രഷർ |
| 21 | സത്യൻ എ | 20/20A | നാരായണ സ്റ്റോമ് ക്രഷർ |
| 22 | വി കെ ജോസഫ് | 12/33A | പാന്തർ ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് |
| 23 | ലിസ്സി ജോസഫ് | 12/33B | കല്ലുവളപ്പ് ഹോളോബ്രിക്സ് |
| 24 | കീരൻ കുമാരൻ | 3 ,റി സ നം18/4 | മോഹനഗിരി ഗ്രാനൈറ്റ് |
| 25 | കീരൻ കുമാരൻ | 3 ,റി സ. നം37/4 | മോഹനഗിരി ഗ്രാനൈറ്റ് |
| 26 | സി മുകുന്ദൻ | 3 ,സ .നം96 | കരിങ്കൽ ക്വാറി |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ തൊഴിലുടമകൾക്കും ഇപ്രകാരം നോട്ടീസ് നൽകേണ്ടതും ജീവക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തൊഴിൽ നികുതി മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

2- റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ 14റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും നാളിതുവരെയായും വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.കേരള പഞ്ചായത്ത് രാജ് നിയമം 204-)ം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ബിസിനസ് നടത്തിക്കൊണ്ടിരിക്കുന്ന ഏതൊരു സ്ഥാപനത്തിൽനിന്നും ഓരോ അർദ്ധ വർഷവും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന നികുതിയും.1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 ൽ II വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് അതിനുവെളിയിലോ, ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുന്നതോ, പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ

വ്യക്തികളിൽനിന്നും ഓരോ അർദ്ധ വർഷവും മൊത്ത വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതിയും ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ റേഷൻവ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്

## 2-5 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. യഥാർത്ഥത്തിൽ പഞ്ചായത്ത് പരിധിയിലുള്ള വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തിനാൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കാൻ ഇടയുണ്ട്. ഫീൽഡ് തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

## 2-6 എഫ് ടി ഇ & ഒ എസ് ലൈസൻസ് -48സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കി

2016-17,2017-18കാലയളവിലെ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ പ്രകാരം 2016-17 കാലയളവിൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്ത 48 വ്യാപാരസ്ഥാപനങ്ങൾ 2017-18 വർഷം ലൈസൻസ് പുതുക്കിയതായി കാണുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

2016-17 വർഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ ആകെ എണ്ണം-323

2017-18 വർഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ ആകെ എണ്ണം-330

2017-18വർഷം പുതിയതായിലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ ആകെ എണ്ണം-55

2017-18 വർഷം ലൈസൻസ് പുതുക്കിയസ്ഥാപനങ്ങളുടെ ആകെ എണ്ണം-275

2017-18 വർഷം ലൈസൻസ് പുതുക്കാത്തസ്ഥാപനങ്ങളുടെ ആകെ എണ്ണം-323-275=48

മുൻ വർഷം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിട്ടുള്ളതും എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്തിട്ടുള്ളതുമായ ഒരു സ്ഥാപനത്തെ തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കണമെങ്കിൽ ആയതിനു മുമ്പ് തന്നെ അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധന നടത്തി പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്ന് സാക്ഷ്യപത്രം സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഇവിടെ ഇത്തരത്തിൽ യാതൊരു പരിശോധനയും നടത്താതെയാണ് സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. ആയതിനാൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഡിമാന്റ് കണക്കാക്കിയിട്ടുള്ളത് പരിശോധന

റിപ്പോർട്ടിന്റെയോ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനത്തിന്റെയോ അടിസ്ഥാനത്തിലല്ല എന്നും മറിച്ച് പിരിച്ചെടുത്ത തുക തന്നെ ഡിമാന്റായി കണക്കാക്കുകയാണ് ചെയ്യുന്നതെന്നും ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ കൃത്യമായൊരു അന്വേഷണം നടത്തി ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ച മുഴുവൻ സ്ഥാപനങ്ങനളിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് എഫ് ടി ഇ & ഒ എസ് ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കേണ്ടതും പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-7 എഫ് ടി ഇ & ഒ എസ് ലൈസൻസ്- മുഴുവ ൻ സ്ഥാപനങ്ങളും ഡിമാന്റി ഉൾപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുന്നില്ല

കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം പഞ്ചായത്തിലെ 21 വാർഡുകളിലുമായി 2529 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി കെട്ടിടനമ്പർ അനുവദിച്ചിട്ടുണ്ടെങ്കിലും കേവലം 375 കെട്ടിടങ്ങൾ മാത്രമാണ് എഫ് ടി ഇ & ഒ എസ് ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പട്ടിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ അനധികൃതമായി പ്രവർത്തിച്ചു വരുന്നുണ്ടെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത്തരത്തിൽ മുഴുവൻ വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ ഈടാക്കാത്തതിനാൽ ഈ ഇനത്തിൻ ലഭ്യമാകേണ്ട വരുമാനത്തിൽ ഗണ്യമായ കുറവ് വരാനിടയുണ്ട്. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി മുഴുവൻ സ്ഥാപനങ്ങളെയും ഡിമാന്റിലുൾപ്പെടുത്താനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

1996 ലെ കേരളാ പഞ്ചായത്ത് എഫ് ടി ഇ & ഒ എസ് ലൈസൻസ് നൽകുന്ന ചട്ടങ്ങളിലെ പട്ടിക Iക്രമനമ്പർ 149പ്രകാരം റേഷൻകടകൾക്ക് ലൈസൻസ് ഫീസ് ഈടാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 14റേഷൻ കടകളിൽ നിന്നും നാളിതുവരെയായും ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.ആയതിനാൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും 1996ലെ കേരളാ പഞ്ചായത്ത് രാജ് എഫ് ടി ഇ & ഒ എസ് ലൈസൻസ് നൽകുന്ന ചട്ടങ്ങളിലെ സെക്ഷൻ 26പ്രകാരം ചട്ടലംഘനത്തിന് പിഴ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആട് വളർത്തൽ - ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖയിലെ വ്യവസ്ഥ പാലിച്ചിട്ടില്ല - ₹128000

<u>തടസ്സപ്പെടുത്തുന്നു.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രോജക്ട് നമ്പർ : 32 /18

പ്രോജക്ടിന്റെ പേര് : ആട് വളർത്തൽ

അടങ്കൽ : ₹3,00,000 വികസന ഫണ്ട്

: ₹ 2,96,000 ഗുണഭോക്തൃ വിഹിതം

ആകെ : ₹ 5,96,000

ചെലവ് തുക : ₹ 1,68,000 ബിൽ നം പി9/17-18 / 17.3.2018

₹1,68,000 ചെക്ക് നം .6134336, 24/3/18

ആകെ : ₹ 3,36,000

മേൽ പ്രോജക്ട് പ്രകാരം 21 ഗുണഭോക്താക്കൾക്ക് 6 മുതൽ 8മാസം പ്രായമുള്ള 2 വീതം ആടുകളെ വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയത് . ഇത് പ്രകാരം ചെലവ് തുക ₹3,36,000 ആടുകളെ വിറ്റവരുടെ അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട് . എന്നാൽ താഴെ കൊടുത്ത ഗുണഭോക്താക്കൾ ഭരണസമിതി അംഗീകരിച്ച അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

1.ചന്ദ്രി അട്ടപ്പ് കുട്ടിയ പറമ്പത്ത്

2. സൌദ തട്ടാന്റെ പൊയിൽ

3. ചന്ദ്രി പൂവ്വത്താന്റവിട

4. സുലജ കുഞ്ഞിക്കാട്ടിൽ

5. ജലജ ഉടംബയിൽ

6 . നാണി കാഞ്ഞിരക്കണ്ടിയിൽ

7 . മനോജ പള്ളിക്കേന്റവിട

8 . നഫീസ കൊയ്യോടിന്റവിട.

ഇക്കാര്യം ഓഡിറ്റ് എൻക്വയറി മുഖേന ചൂണ്ടികാണിച്ചതിന് (നം.7/11/2/19) പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഗുണഭോക്തൃ വിഹിതം അടവാക്കാൻ തയ്യാറായവർ ഇല്ലാത്തതിനാൽ പഞ്ചായത്ത് അംഗീകരിച്ച അധികലിസ്റ്റിൽ നിന്നും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയായിരുന്നു എന്നാണ് ലഭിച്ച മറുപടി . ഗ്രാമസഭയുടെ അംഗീകാരമില്ലാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ശരിയായ നടപടിയല്ല. ആയതിനാൽ തന്നെ ഗ്രാമസഭ മുഖാന്തിരമായിരിക്കണം ആനുകൂല്യ വിതരണത്തിനുള്ള

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് എന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പഞ്ചായത്ത് അംഗീകരിച്ച അധികലിസ്റ്റ് ഹാജരാക്കാത്തതിനാൽ ₹128000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പഞ്ചായത്ത് അംഗീകരിച്ച അധികലിസ്റ്റ് ഹാജരാക്കേണ്ടതാണ് .

## 3-2 ക്ഷീരകർഷകർക്ക് പാലുൽപാദന ബോണസ് പദ്ധതി - അപാകങ്ങൾ

പ്രോജക്റ്റ് നം-- 31 / 17-18(ക്ഷീരകർഷകർക്ക് പാലുൽപാദന ബോണസ് )

അടങ്കൽ --- ₹ 300000 വികസന ഫണ്ട് (പൊ.വി)

ആകെ --- ₹ 300000

ചെലവ് --- ₹ 292662

ബിൽ നം -- പി10/17-18, 17 /3/18 ₹ 2,92,662

പദ്ധതി പ്രകാരം പഞ്ചായത്ത് അംഗീകരിച്ച വള്ള്യായി, മൊകേരി എന്നീ ക്ഷീരസംഘങ്ങൾ മുഖേന പാലളക്കുന്ന ക്ഷീര കർഷകർക്ക് 3രൂപ നിരക്കിൽ ബോണസ് നൽകുന്നതിന് വേണ്ടിയാണ് മേൽ കാണിച്ച ബില്ലുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. ഇതിനനുസരിച്ച് ക്ഷീരസഹകരണ സംഘം സെക്രട്ടറിമാർ ഹാജരാക്കുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകുന്നത്. ഇപ്രകാരം മാറിയ തുക 87 ക്ഷീര കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട് .

1. വള്ള്യായി ക്ഷീരോൽപാദക സഹകരണ സംഘത്തിൽ പാലളക്കുന്ന 87 പേരിൽ 81 പേർക്കും മൊകേരി ക്ഷീരോൽപാദക സഹകരണ സംഘത്തിൽ പാലളക്കുന്ന 12 പേരിൽ 6 പേർക്കും പാലുൽപാദന ബോണസ് അനുവദിച്ചിട്ടുണ്ട് . ഇതിൽ ക്ഷീരസംഘങ്ങൾ മുഖേന പാലളക്കുന്ന എല്ലാ ക്ഷീര കർഷകർക്കും അവർ സംഘങ്ങളിൽ നൽകുന്ന പാലിന് ആനുപാതികമായി സബ്സിഡി അനുവദിച്ചതായി കാണുന്നില്ല . ഉദാഹരണമായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വാർഡ്-18 ലെ ക്രമ നമ്പർ 6 ശ്രീമതി.ചന്ദ്രി .പി, കുഞ്ഞിപറമ്പത്ത് എന്ന ഗുണഭോക്താവ് 4/17 മുതൽ 12/17 വരെ സംഘത്തിൽ പാലളന്നിട്ടും അർഹതപ്പെട്ട സബ്സിഡി അനുവദിച്ചിട്ടില്ല. മേൽ ഗുണഭോക്താവിന് സബ്സിഡി അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, ടിയാൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തതുകാരണമാണ് എന്നാണ് ലഭിച്ച മറുപടി. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കുന്നില്ല. എന്നാൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൽ ഫണ്ടിന്റെ കുറവു കാരണം ഡിസംബർ മാസം വരെ മാത്രമാണ് ഫണ്ട് നൽകാൻ കഴിഞ്ഞിട്ടുള്ളു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ക്ഷീരകർഷകർക്ക് അവർക്ക് അർഹതപ്പെട്ട നിരക്കിൽ പാൽ ഉത്പാദന ബോണസ് അനുവദിക്കുന്നതിന് ആവശ്യമായ തുക പദ്ധതിയിൽ വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ് .

കർഷകർ ക്ഷീരസംഘത്തിൽ നൽകിയ പാലിന്റെ അളവ് ക്ഷീരവികസന വകുപ്പ്

പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-3 വിവിധ പദ്ധതികൾക്കായി മരുന്ന് വാങ്ങൽ– മുഴുവൻ മരുന്നുകളും ലഭ്യമായില്ല .

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (പി.എച്.സി)

1) പ്രേജക്ട് നം -54/17-18 (പി.എച്ച്.സി കുന്നോത്ത്പറമ്പിലേക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ - ₹370000 മെയന്റൻസ് ഫണ്ട്(റോഡിതരം)

ചെലവ് - ₹57393 . ബിൽ നം.7/17-1,23/2/18

പി.എച്ച്.സി കുന്നോത്ത് പറമ്പിലേക്ക് മരുന്ന് വാങ്ങുന്നതിന് വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത് . ഇതിനായി മെയന്റൻസ് ഫണ്ടിൽ നിന്നും മേൽ കാണിച്ച ബിൽ പ്രകാരം 57393രൂപ പിൻവലിചിചിട്ടുണ്ട്.ആയത് മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം ₹56335 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട് .

ഇൻവോയ്സ് നം .1865/24/11/18 - ₹ 13146

ഇൻവോയ്സ് നം . 621/11/7/18 - ₹ 9320

ഇൻവോയ്സ് നം . 4644/11/7/18 - ₹ 3774

ഇൻവോയ്സ് നം . 13246 / 24/11/18 - ₹ 14313

ഇൻവോയ്സ് നം .1018 / 28/9/18 - ₹ 7891

ഇൻവോയ്സ് നം .12758 / 21/11/18 - ₹ 7891

ബാക്കി തുകയുടെ മരുന്നുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/ 5/2/19 ) ₹1058 രൂപയുടെ മരുന്ന് ലഭിക്കാൻ ബാക്കിയുള്ളതായി അറിയിച്ചിട്ടുണ്ട് .

2) പ്രോജക്ട് നം -52 /17-18 (സാന്ത്വന പരിചരണ പദ്ധതി )

അടങ്കൽ - ₹475000 വികസന ഫണ്ട്.

ചെലവ് - ₹ 470796 .

ബിൽ നം.8 /17-18,23/2/18 - ₹96796

മേൽ കാണിച്ച ബിൽ പ്രകാരം മാറിയ തുക മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ 95038 രൂപയുടെ മരുന്നുകൾ മാത്രമെ ഇതുവരെയായി ലഭിച്ചിട്ടുള്ളത് .

(ഇൻവോയ്സ് നം. 8675/ 21/9/18 , 4640/ 11/7 /18 , 9592/30/9/18 , 9199/28/9/18 , 15001/27/12/18). ഇനിയും 1758 /- രൂപയുടെ മരുന്ന് ലഭിക്കാൻ ബാക്കിയുള്ളതായി അറിയിച്ചിട്ടുണ്ട്.

ക്രമ നമ്പർ 1 ,2 പദ്ധതികൾ പ്രകാരം ലഭിക്കാൻ ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വാഹനങ്ങളുടെ ഇൻഷ്വറൻസ്, സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നിർവ്വഹിക്കേണ്ടതാണ്.

കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ KL 58 B - 4889 നമ്പർ വാഹനത്തിന്റെ 28.1.2018 മുതൽ ഒരു വർഷത്തേക്കുള്ള ഇൻഷ്വറൻസ് പ്രീമിയം ആയി 11780 രൂപ നാഷനൽ ഇൻഷ്വറൻസ് കമ്പനിയിൽ ഒടുക്കിയിട്ടുണ്ട്. (വൗച്ചർ നം. 21700742 തീ: 25.01.2018) സർക്കാർ വകുപ്പുകളുടെ വാഹനങ്ങളുടെ ഇൻഷ്വറൻസ്, സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നിർവ്വഹിക്കണമെന്ന ജി.ഒ(പി)നം. 819 /2000/ഫിൻ ,തീ-18-04-2000 പ്രകാരമുള്ള നിർദ്ദേശം പാലിക്കേണ്ടതാണ്.

## 3-5 പ്രവൃത്തി നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്ന് നഷ്ടം ഈടാക്കുന്നത് സംബന്ധിച്ച്

കുന്നോത്ത്പറമ്പ്, കടുക്കാംപൊയിൽ അംഗൻവാടികളുടെ ഒന്നാം നിലപണിയൽ എന്ന പ്രവൃത്തിയുടെ (പ്രോജക്ട് നം.95 / 18 ) നിർവ്വഹണത്തിന് ഉമേഷ്.സി.എ കരാറുകാരനുമായി 29.3.2017ന് കരാറിൽ ഏർപ്പെട്ടിരുന്നു. 652000/- രൂപ എസ്റ്റിമേറ്റ് ഉള്ള ഈ പ്രവൃത്തി 541595 രൂപക്കാണ് ഇ-ടെണ്ടർ വഴി ഇയാൾക്ക് അനുവദിച്ചത്. ഇദ്ദേഹം യഥാസമയം (പൂർത്തികരണ കാലയളവ് കരാറിൽ രേഖപ്പെടുത്തിയിട്ടില്ല) പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ ഭരണ സമിതിയുടെ 20.10.2017 ലെ 231 / 17നം.തീരുമാനപ്രകാരം ടിയാനെ ഒഴിവാക്കുകയുണ്ടായി. പ്രവൃത്തി പൂർത്തിയാക്കാത്തതു മൂലമുണ്ടായ നഷ്ടം ശ്രീ ഉമേഷിൽ നിന്നും ഈടാക്കാനും ഭരണ സമിതി തീരുമാനിക്കുകയുണ്ടായി. പ്രദേശത്ത് ജലക്ഷാമമുണ്ടെന്നും പരിസരവാസികൾ സഹകരിക്കുന്നില്ല തുടങ്ങിയ കാരണങ്ങൾ ചൂണ്ടികാട്ടി തന്നെ പ്രവർത്തി നിർവ്വഹണത്തിൽ നിന്നും ഒഴിവാക്കണമെന്ന് കരാറുകാരൻ 21-10-17 ന് അപേക്ഷ സമർപ്പിച്ചിതായും കാണുന്നു. തുടർന്ന് ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സുഭാഷ് സി കെ എന്ന കരാറുകാരൻ മുഖേന പ്രവർത്തി നിർവ്വഹിക്കുകയാണ് ഉണ്ടായത്. പ്രവൃത്തി നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ശ്രീ ഉമേഷ്.സി. എന്ന കരാറുകാരനിൽ നിന്ന് ഭരണസമിതി തീരുമാനപ്രകാരം സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങളും ഈടാക്കിയ നഷ്ടത്തുകയുടെ വിവരങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതിന്റെ വിശദ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 റോഡ് പ്രവൃത്തി ബില്ലുകളിൽ നിന്നും ഈടാക്കിയ ഒഴിഞ്ഞ ടാർ വീപ്പകളുടെ വില അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് സംബന്ധിച്ച്.

ഗ്രാമപഞ്ചായത്ത് 2017-18ൽ നിർവ്വഹണം നടത്തിയ റോഡ് ടാറിങ്ങ് /റീ ടാറിങ്ങ് പ്രവൃത്തികളെല്ലാം റോഡ് സംരക്ഷണ ഗ്രാന്റും ധനകാര്യ കമീഷന്റെ അവാർഡ് തുകയും ഉപയോഗിച്ച് കൊണ്ടാണ്. എന്നാൽ ഒഴിഞ്ഞ ടാർ വീപ്പയുടെ വിലയായി ഈ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള 72207140000006 നംപർ ട്രഷറി അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. സർക്കുലർ നം.59827/എഫ്.എം /07/തസ്വഭവ തീയതി 30.10.2007 പ്രകാരം ടാർ വീപ്പയുടെ വില, ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത്, അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിബന്ധന പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | പ്രൊജക്ട് നമ്പർ പേര് | ചെലവഴിച്ച തുക ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|
| കൂത്തുപറമ്പ് ബ്ലോക്ക്പഞ്ചായത്ത് | 91018 | 41/18 നെൽകൃഷിക്ക് കൂലിചെലവ് | 91018 | ഇല്ല |
| കൂത്തുപറമ്പ് ബ്ലോക്ക്പഞ്ചായത്ത് | 68000 | 43/18 നെൽകൃഷിക്ക് കൂലിചെലവ് | 68000 | ഇല്ല |
| കൂത്തുപറമ്പ് ബ്ലോക്ക്പഞ്ചായത്ത് | 109622 | 14/18 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 100000 | 9622 |
| കൂത്തുപറമ്പ് ബ്ലോക്ക്പഞ്ചായത്ത് | 400000 | 160/18 ചെറുപറമ്പ് ഹൈസ്കൂൾ കെട്ടിട നിർമ്മാണം | ഇല്ല | 400000 |

| | | | | |
|---|---|---|---|---|
| കണ്ണൂർ ജില്ല പഞ്ചായത്ത് | 350000 | 141/18 മല്ലിശ്ശേരി കുളം നിർമ്മാണം | ഇല്ല | 350000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം വരവ് വന്ന 581 രൂപയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്,ഉദ്യോഗപ്പേര് | രശീത് നം, തീയതി |
|---|---|---|---|---|
| 2006-07 | 3-1 | 581 | മനില എ, ക്ലർക്ക് | 117040101331,24/6/17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 68742488 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 57861497 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | 6213 |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 128000 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 1819 | ശ്രീ.ഹരിദാസൻ എം, സെക്രട്ടറി |
| 2-2 | 4394 | ശ്രീമതി ടി കെ ബീന,സെക്രട്ടറി |
| ആകെ | 6213 | |

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 128000 | ശ്രീ. പി ധനഞ്ജയൻ,വെറ്റിനറി സർജ്ജൻ |
| ആകെ | 128000 | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ടി കെ ബീന | സെക്രട്ടറി, വളപട്ടണം ഗ്രാമപഞ്ചായത്ത് | തച്ചിലക്കണ്ടി ഹൗസ് തുളിച്ചേരി, പി ഒ കണ്ണൂർ |
| ശ്രീ. ഹരിദാസൻ എം | സെക്രട്ടറി, കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്ത് | മൂളിയിൽ ഹൗസ് ചിറക്കുനി, പി ഒ പാലയാട് |

## 4-10 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തിരിച്ചടച്ച തുകയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു .

| വിവരണം | തുക ഒടുക്കിയ ആളിന്റെ പേര് | തുക | രസീത് നമ്പർ, തീയതി |
|---|---|---|---|
| പ്രോജക്ട് നമ്പർ 81/18<br>സി.വി മുക്ക് – മീത്തലെ പറമ്പത്ത് റോഡ് കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കത്തതിനാലുള്ള പിഴ | വി.പി.ചന്ദ്രൻ | 1850 | 118040108537,7-2-19 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി.8/197 /2018(1)തീ. 10-4-18 | 9 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി.8/197 /2018(1)തീ. 10-4-18 | 12 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/സി.8/197 /2018(1)തീ. 10-4-18 | 5 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി.8/197 /2018(1)തീ. 10-4-18 | 15 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി.8/197 /2018(1)തീ. 10-4-18 | 33 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.8/197 /2018(1)തീ. 10-4-18 | 12 |

| | | |
|---|---|---|
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/സി.8/197 /2018(1)തീ. 10-4-18 | 4 |
| 2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി.8/197 /2018(1)തീ. 10-4-18 | 8 |
| 2011-12<br>2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.8/197 /2018(1)തീ. 10-4-18 | 60 |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /968/16തീ. 30-6-16 | 8 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /2010/16തീ. 4-1-17 | 10 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1714 /2017തീ. 9-11-17 | 22 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ. /കെ.എൻ.ആർ./സി. 8./254/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:0497270769

തീയ്യതി: 28.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF KUNNOTHUPARAMB GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 43219064.00<br>42903.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1232190.00 |
| 140000000 | Fees & User Charges | RP-4 | 1200364.00 |
| 150000000 | Sale & Hire Charges | RP-5 | 55100.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 50528112.00 |
| 171000000 | Interest Earned | RP-9 | 374018.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7817404.00 |
| 350000000 | Other Liabilities | RP-36 | 47200.00 |

| | | | |
|---|---|---|---|
| Non operating | | | |
| 180000000 | Other Income | RP-10 | 581.00 |
| 311000000 | Earmarked Funds | RP-29 | 2372.00 |
| 340000000 | Deposits Received | RP-34 | 41370.00 |
| 350000000 | Other Liabilities | RP-36 | 362465.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7072312.00 |
| 460000000 | Loans,Advances and Deposits | RP-47 | 9000.00 |
| Grand Total | | | |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3445423.00 |
| 220000000 | Administrative Expenses | RP-12 | 821162.00 |
| 230000000 | Operations & Maintenance | RP-13 | 1611119.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 5027973.00 |

| | | | |
|---|---|---|---|
| | | | |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 16623825.95 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 8472114.00 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 464434.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 667320.00 |
| 255000000 | Maintance Projects | RP-20 | 7703069.00 |
| 256000000 | Grants and Funds& Contributions for specific purposes | RP-31 | 699485.00 |
| 350000000 | Othes Liabilities | RP-36 | 4161326.00 |
| Non Operating | | | |
| 240000000 | Interest and Finance Charges | RP-14 | 966.00 |
| 280000000 | Prior Period Item | RP-26 | -60.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 40700.00 |
| 350000000 | Other Liabilities | RP-36 | 1586118.00 |
| 410000000 | Fixed Assets | RP-38 | 2187832.00 |
| 412000000 | Capital Work in progress | RP-40 | 3725821.0 |
| 460000000 | Loans, Advances and Deposits | RP-47 | 580050.00 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 54142958.00<br>0.00 |
| Grand Total | | | 112004455.00 |

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF KUNNOTHPARAMBA GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | I-1 | 4837230.00 |
| 140000000 | Fees & User Charges | I-4(b) | 1328964.00 |
| 150000000 | Sale & Hire Charges | I-5(b) | 55100.00 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 110500365.00 |
| 171000000 | Interest Earned | I-8 | 374018.00 |
| 180000000 | Other Income | I-9 | 581 |
| A | Total Income | | 117096258.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9018402.00 |
| 220000000 | Administrative Expenses | I-11(b) | 821162.00 |
| 230000000 | Operations & Maintenance | I-12(b) | 1611119.00 |
| 240000000 | Interest & Finance Charges | I-13 | 966.00 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 8886352.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 20993195.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 8277783.00 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 464434.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 56422720.00 |

| | | | |
|---|---|---|---|
| 255000000 | Maintance Projects | I-14(e) | 7703069.00 |
| 272000000 | Depreciation | I-17(a) | 10410625.00 |
| B | Total Expenditure | | 124609827.00 |
| C=A-B | Gross Surplus / Defict Income over Expenditure | | (7513569.00) |
| D= 280000000 | Prior Period Item | I-18 | (1744771) |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | (5768798.00) |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

## അനുബന്ധം-2-3

# BALANCE SHEET OF KUNNOTHUPARAMBA GRAMA PANCHAYAT AS ON 31-3-2018

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 21874098.24 |
| 311000000 | Earmarked Funds | B-2 | 48582.00 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 64800065.00 |
| | Total Reserve & Surplus | | |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 5441142.00 |
| | Total Grants,Contribution for specific purposes | | |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 497340.00 |
| 350000000 | Other Liabilities | B-9 | 3494520.76 |
| | Total Current Liabilities and Provisions | | |
| | TOTAL LIABILITIES | | 96155748.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 69877893.00 |
| 411000000 | Accumulated Depreciation | B-11 | (29657352.00 |
| 412000000 | Capital Work In Progress | B-11(a) | 576896.00 |
| | Total Fixed Assets | | 40797437.00 |
| | Current Assets,Loans and Advances | | |

| | | | |
|---|---|---|---|
| 430000000 | stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 920988.00 |
| 450000000 | Cash and Bank balance | B-17 | 54142958.00 |
| 460000000 | Loans, Advances and Deposits | B-18 | 294365.00 |
| | Total Current Assets,Loans and Advances | | 55358311.00 |
| | TOTAL ASSETS | | 96155748 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.